

മഴവില്ല്
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS
ജി.വി.എച്ച്.എസ്.എസ്.അമ്പലവയൽ
ലിറ്റിൽ കൈറ്റ്സ് 2018-19

## മലയാളത്തിന്റെ പ്രിയപ്പെട്ട സുൽത്താന്



## മാസികാസമിതി

***രാഹുൽ സായി (കവർ പേജ്)**

*** നന്ദജിത്ത് .എം (കവർ പേജ്)**

***ശ്രീരാഗ് .പി.എസ്**

***റഹൽ .ആർ.സി**

***അർഷിദ.പി**

***എമിൽ മരിയ ജോർജ്**

***സുഹാന.പി**

***സനീഷ്മ**

***ശ്രീക്കുട്ടി.പി.വി**

## വിദഗ്ദ പരിശോധന

*ശ്രീമതി:ഷാന്റി ഫ്രാൻസിസ്

*ശ്രീമതി: സബിത.പി.ബി

*ശ്രീ:രഘു .കെ.എം

## മഴവില്ല്

മനുഷ്യരാശി പുരോഗതിയുടെ പാതയിലൂടെ മുന്നോട്ട് നീങ്ങുമ്പോൾ വിദ്യാഭ്യാസരംഗവും ബഹുദൂരം പിന്നിട്ടു കഴിഞ്ഞു .ഡിജിറ്റൽചിന്തകളും പ്രവർത്തനങ്ങളും പാഠ്യപാഠ്യേതര രംഗങ്ങളിൽ പുരോഗതി നേടിക്കഴിഞ്ഞു .ജി.വി.എച്ച്.എസ്.എസ് അമ്പലവയലും ഡിജിറ്റൽ രംഗത്ത് സ്ഥാനമുറപ്പിച്ച് യാത്രതുടങ്ങുകയാണ്.ലിറ്റിൽകൈറ്റ്സ് ഈ യാത്രയിൽ വളരെയേറെ പിന്തുണയാണ്.അവരുടെ പ്രഥമസംരംഭമായ ഈ ഡിജിറ്റൽ മാഗസിൻ കാലത്തിന്റെ  വളർച്ചയെ നമുക്കു മുന്നിൽ തുറന്നു കാണിക്കുന്നു. വിദ്യാഭ്യാസത്തിന്റെ നവീനമാനങ്ങൾ നമ്മുടെ കുട്ടികളിലൂടെയും അടയാളപ്പെടുത്തുന്നത് സന്തോഷത്തോടെ നോക്കിക്കാണുന്നു.ഇനിയും ബഹുദൂരം മുന്നോട്ടുപോകട്ടെ എന്ന ആശംസകളോടെ............

എഡിറ്റർ

## സന്ദേശം

ജി.വി.എച്ച്.എസ്.എസ് അമ്പലവയലിലെ ലിററിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രഥമസംരംഭമായ മഴവില്ല് എല്ലാ കുട്ടികൾക്കും മാതൃക-യാകാവുന്ന ഒരു പ്രവർത്തനമാണ്. ഇതിൻെറ പിന്നണിയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർഥികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.തുടർന്നും ഇത്തരം പ്രശംസനീയമായ പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ..............

ആശംസകളോടെ

നാസർ സാർ

(HM,Incharge)

## ആശംസ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ആദ്യത്തെ പ്രവർത്തനമായ മഴവില്ലിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.......

കൊച്ചുറാണി വർഗ്ഗീസ്
ഡെപ്യൂട്ടി എച്ച്.എം

## ആശംസ


ഈ വിദ്യാലയത്തിലെ
ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബിലെ
കുട്ടിപ്പട്ടങ്ങൾ തയാറാക്കിയ ഈ
മാഗസിന് എന്റെ എല്ലാവിധ
ആശംസകളും.........

ശ്രീ.വിജയ കുമാർ
പി.ടി.എ പ്രസിഡണ്ട്

## മഴവില്ലിനുള്ളിൽ

*Downy Duck.....................................................................9*
*ആനക്കുട്ടനും കുരങ്ങച്ചനും.....................................................10*
*പുസ്തകപരിചയം........................................................................11*
*കടൽ........................................................................................13*
*ഉപന്യാസം................................................................................14*
*പൂമുത്ത്.....................................................................................17*
*ദുരന്തമഴ പെയ്ത ഗ്രാമം.........................................................18*
*മൂന്നു കള്ളന്മാർ........................................................................20*
*നാടൻ പാട്ട്...............................................................................23*
*ഫോറസ്റ്റി ക്ലബ്ബ്.......................................................................25*
*പക്ഷികളും മനുഷ്യരും.............................................................27*
*പുലരിയിൽ.................................................................................29*
*കേരളത്തിലെ പ്രളയക്കെടുതി.................................................31*
*ഊർജ്ജ ക്ലബ്ബ്..............................................................................32*
*യോഗ.........................................................................................36*
*മികവുകൾ..................................................................................37*

# DOWNY DUCK



ONE DAY ,I SAW A DOWNY DUCK

WITH

FEATHERS ON HIS BACK .

I SAID:„GOOD MORNING”,DOWNYDUCK

AND

HE SAID:“QUACK”,“QUACK”, “QUACK”

Aswathy V
Std:5

കഥ

# ആനക്കുട്ടനും കുരങ്ങച്ചനും

ഒരു കാടുണ്ട് .ആ കാട്ടിൽ ഒരു കുരങ്ങച്ചനും ഒരു ആനക്കുട്ടനും ഉണ്ട്. അവർ രണ്ട് പേരും കൂട്ടുകാരാണ് . രണ്ട് പേരും കൂടി കാടു ചുറ്റാൻ ഇറങ്ങിയപ്പോൾ കുരങ്ങച്ചനും കൂട്ടുകാരനായ ആനക്കുട്ടനും വഴിതെറ്റി. കുരങ്ങച്ചൻ കുറെ നോക്കി,പക്ഷേ ആനക്കുട്ടനെ കണ്ടില്ല. അപ്പോഴാണ് ഒരു വാഴപ്പഴത്തോട്ടം കണ്ടത് .അവൻ വാഴപ്പഴം തിന്നാൻ തുടങ്ങി. ആ സമയത്താണ് ആനക്കുട്ടൻ കുരങ്ങച്ചനെ കാണുന്നത് .ആനക്കുട്ടൻ ചോദിച്ചു :"എനിക്കും വേണം  വാഴപ്പഴം".



പക്ഷെ കുരങ്ങച്ചൻ വാഴപ്പഴം കൊടുത്തില്ല .അവർ പരസ്പരം വഴക്കുണ്ടാക്കി .പിന്നെ അവർ രണ്ടാളും പിണങ്ങി. അപ്പോളാണ് ആനക്കുട്ടന്റെ അമ്മ വരുന്നത്.എന്താ നിങ്ങൾ പിണങ്ങിയത്? ആനക്കുട്ടൻ  അമ്മയോട് കാര്യം പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു ഞാൻ വീട്ടിൽ കുറേ വാഴപ്പഴം എടുത്ത് വച്ചിട്ടുണ്ട്. അത് നിങ്ങൾക്ക് തരാം. ഇതു കേട്ടപ്പോൾ അവർക്ക് സന്തോഷമായി! അവർ എല്ലാവരും കൂടി വീട്ടിലേക്ക് പോയി വാഴപ്പഴം കഴിച്ചു.ആനക്കുട്ടനും കുരങ്ങച്ചനും പഴയത് പോലെ വീണ്ടും കൂട്ടുകാരായി.

ദിയ ലക്ഷ്മി 5-എ

# പുസ്തക പരിചയം

## മനുഷ്യന് ഒരു ആമുഖം



മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുകളിൽ പ്രമുഖനാണ് സുഭാഷ് ചന്ദ്രൻ. ഗൗരവമായ വായനയ്ക്ക് അവസരമൊരുക്കുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. ആഴത്തിലുള്ള അനുഭവലോകം ,അസാധാരണമായ ഭാഷ എന്നിവ അദ്ദേഹത്തിന്റെ രചനകളുടെ പ്രത്യേകതകളാണ്. ആദ്യനോവലാണ് "മനുഷ്യന് ഒരു ആമുഖം" . തിരുവിതാംകൂറിന്റെ വടക്കേ അറ്റത്ത് പെരിയാറിന്റെ തീരത്തുള്ള തച്ചൻകര എന്ന സാങ്കല്പിക ദേശത്തെ മനുഷ്യരിലൂടെ കഴിഞ്ഞ ഒരു നൂറ്റാണ്ടിന്റെ ചരിത്രവും, ജീവിതവും ,ദർശനവും അത്യസാധാരണമായി ഈ നോവലിൽ തെളിയുന്നു. ധർമ്മം, അർഥം, കാമം, മോക്ഷം എന്നിങ്ങനെ നാല് ഭാഗങ്ങളായിട്ടാണ് നോവൽ രചന. നിറയെ കഥാപാത്രങ്ങളുള്ള ഒരു വലിയ ക്യാൻവാസാണ് നോവലിന്റേത്. അയ്യാട്ടുമ്പിള്ളി എന്ന നായർ തറവാട്ടിലെ ഇളം തലമുറക്കാരനായ ജിതേന്ദ്രനാണ് കേന്ദ്ര കഥാപാത്രം. ജിതേന്ദ്രന്റെ സ്വഗതാഖ്യാനമായാണ് നോവൽ വികസിക്കുന്നത്. ജിതന്റെ ജീവിതത്തോടൊപ്പം കേരളത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക മാറ്റങ്ങളേയും അവതരിപ്പിക്കുന്നു. ജീവിതത്തിന്റെ അന്തഃസത്ത മനസ്സിലാക്കാതെ വെറുതെയിങ്ങനെ ജീവിച്ചു പോകുന്നതിൽ

## മഴവില്ല്

അർത്ഥമില്ലായെന്ന് നോവൽ അനുഭവപ്പെടുത്തുന്നു. ജിതേന്ദ്രന്റെ മരണം പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന ഈ നോവൽ ഓരോ വായനക്കാരനേയും അവരുടെ തന്നെ ജീവിതത്തിന്റെ ആമുഖമാണ് കാണിച്ച് തരുന്നത്. ഓടക്കുഴൽ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ശില്പചാതുരിയും ഭാഷാമികവും കൊണ്ട് മലയാളത്തിലെ മികച്ച രചനകളിലൊന്നാണ് മനുഷ്യന് ഒരു ആമുഖം.ശക്തമായ കഥാപാത്രങ്ങളും വ്യത്യസ്തവും നൂതനവുമായ അവതരണരീതിയും ഈ കൃതിയെ വ്യത്യസ്തമാക്കുന്നു.

*ആര്യനന്ദ*
*Std:7D*

കവിത

# കടൽ



തിരകൾ തുള്ളിച്ചാടി നടക്കും
സുന്ദരമീ എൻ കടൽ!
കടലമ്മയുള്ള എന്റെ
സ്വന്തം കടൽ!
മറുതീരം കാണാൻ
കഴിയാത്ത കടൽ!
മത്സ്യ സ്രോതസ്സിൽ
ഉറവിടം എൻ കടൽ!
എന്നും എൻ ജീവൻ കടൽ
കാണാൻ എന്ത് ചന്തമാണീ കടൽ!
കടൽ കരയിലിരുന്ന കടൽക്കാറ്റ്
കൊള്ളാൻ എന്ത് സുഖം.
കടലിന്റെ ഭംഗി ആസ്വദിക്കും
മനുഷ്യർക്ക് തണലാണ് കടൽ
കണ്ടാലും കണ്ടാലും
കൊതി തീരാത്തൊരെൻ കടൽ

***മുഹമ്മദ് റിഷാൽ***

# പൂമുത്ത്



തുമ്പികൾ പാറുമെൻ  നാട്ടിലെ
തുമ്പോല മേഞ്ഞ  എൻവീട്ടിലെ
തുമ്പപ്പൂ മണമുള്ളൻ മുറ്റത്ത്
തുള്ളികളിക്കുമെൻ പൂമുത്ത്!

അമ്മതൻ മാറിൽ കിടന്നുറങ്ങും
പെന്നോമലാണെൻ കുഞ്ഞാവ.
പാഠങ്ങളെല്ലാം പഠിച്ചു ഞാൻ
ചെല്ലുമ്പോൾ ചിരിക്കും പൂമുത്ത്!

**ഹസ്ന**

**ഉപന്യാസം**

# കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം

കേരളം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങൾക്കും പല കാര്യങ്ങൾക്കും മാതൃകയാണ് എന്ന് പറയാറുണ്ട്. കേരള മോഡൽ എന്ന പ്രയോഗം തന്നെ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസം,ആരോഗ്യം,സാമൂഹിക സമത്വം,എന്നീ കാര്യങ്ങളിൽ നാം ഏതു വികസിത രാജ്യങ്ങളിലെ സമൂഹത്തിനോടും തുല്യം നിൽക്കുന്നു. ഇവിടെ ഒരു ഉപഭോഗസംസ്കാരം വളരെപ്പെട്ടെന്ന് വളർന്നു വരുന്നു. എന്തൊക്കെയാണ് അതിന്റെ ലക്ഷണങ്ങൾ എന്നും കാരണങ്ങൾ എന്തൊക്കെയെന്നും ,അതു വരുത്തിവയ്ക്കുന്ന ദോഷങ്ങൾ എന്തെല്ലാമാണെന്നും നമുക്ക് പരിശോധിക്കാം.

കേരളവും മറ്റു സംസ്ഥാനങ്ങളെ പോലെ അടിസ്ഥാന പരമായി കാർഷിക സംസ്കാരം ഉൾകൊണ്ടിരിക്കുന്ന ഒരു പ്രദേശം തന്നെയാണ്. എന്നാൽ, പല കാരണങ്ങൾ കൊണ്ടും ഇവിടെ നെൽകൃഷി ലാഭകരമല്ലാത്ത ഒന്നായി. അതുകൊണ്ടു തന്നെ കർഷകൻ മാനിക്കപ്പെടേണ്ട വ്യക്തിയും അല്ലാതായി. കൃഷിപ്പണിയിൽ നിന്നും പലരും പിന്മാറി. നെൽപ്പാടങ്ങൾ തരിശിടുകയോ മറ്റു കൃഷികൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്തു തുടങ്ങി. ഇതുകൊണ്ട് എന്തു സംഭവിച്ചു ? നമ്മുടെ ഭക്ഷ്യാവശ്യങ്ങൾക്കുള്ള ധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടിവന്നു.

കൃഷി എന്നാൽ നാണ്യവിളകളുടെ കൃഷിയായിത്തീർന്നതും ഒരു കാരണമാണ്. പ്രധാനമായും റബ്ബർ ലാഭമാണ് എന്നതാണ് കർഷകരെ ഇങ്ങനെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ച മുഖ്യഘടകം എന്നുകാണാം. നെൽപാടങ്ങൾ പോലും നികത്തി റബ്ബർ നടാൻ കർഷകർ തയ്യാറായി. റബ്ബർ ഭക്ഷ്യവസ്തു അല്ലല്ലോ. നമ്മുടെ പാർപ്പിട രീതിയും ഇതിന്റെ ആക്കം കൂട്ടിയതായി കാണാം. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും മാറുകയും ധാരാളം വീടുകൾ

ആവശ്യമായി വരുകയും ചെയ്തു. അതും കൃഷി സ്ഥലങ്ങൾ വാസസ്ഥാനങ്ങളായി മാറാൻ കാരണമായി. മുമ്പൊക്കെ നെൽകൃഷി ചെയ്യാൻ സൗകര്യമുള്ള ചതുപ്പ് പ്രദേശങ്ങൾക്കായിരുന്നു വിലക്കൂടുതൽ. ഇന്ന് വീടുവെയ്ക്കാൻ പറ്റിയ ഭൂമിക്ക് പൊന്നു വിലയാണ്. ഒരു പാടശേഖരവും അതിന്റെ കരയിൽ വീടും എന്നതായിരുന്നു നമ്മുടെ രീതി, ഇന്നോ? പാടത്തിന് പകരം റോഡ് എന്ന നിലയായി. മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ തൊഴിൽ സംസ്കാരത്തിൽ വന്ന മാറ്റമാണ് ശാരീരികാധ്വാനം ആവശ്യപ്പെടുന്ന ജോലികൾക്ക് മലയാളി സന്നദ്ധനല്ലാതായി.

കൃഷി ഇല്ലാതായ മറ്റു നാടുകളിലൊക്കെ വ്യവസായങ്ങൾ വളർന്നു വന്നു എന്ന് കാണാം. എന്നാൽ കേരളത്തിൽ വ്യാവസായിക വളർച്ചയും ഉണ്ടായില്ല. അതിനും സ്ഥലപരിമിതി ഒരു പ്രശ്നമായിരുന്നു. മറ്റു പല കാരണങ്ങളും കൂടി ഉണ്ടാകാം. അതിന്റെ ഫലമായി എന്തുണ്ടായി? അത്തരം  ഉത്പന്നങ്ങളും കൂടി നമുക്ക് മറ്റു പ്രദേശങ്ങളിൽ നിന്ന് കൊണ്ടു വന്നാലേ ഉള്ളൂ. എന്ന അവസ്ഥയിലായി. എന്നിട്ടോ ഏതൊരു പുതിയ ഉല്പന്നം വിപണിയിലെത്തിയാലും മലയാളി അതിൽ ആകൃഷ്ടരാവും. അത് സ്വന്തമാക്കും. (മൊബൈൽ ഫോണിന്റെ സാന്ദ്രത ഏറ്റവും കൂടിയ സംസ്ഥാനം എന്ന ഖ്യാതി കുറേ കാലം നമ്മുക്കായിരുന്നു എന്ന് ഓർക്കുക.)ഇത് കൊണ്ടാണ് കമ്പനികൾ ഉല്പന്നങ്ങൾ ഉണ്ടാക്കിയാൽ പരീക്ഷണാർത്ഥം കേരളത്തിൽ ആദ്യം ലോഞ്ചിംങ് നടത്തുന്നത്.ഇതിനൊക്കെ മലയാളിക്ക് പണം എവിടുന്നു കിട്ടുന്നു? കൃഷിയില്ല, വ്യവസായമില്ല. പിന്നെ? നമ്മുടെ കുറച്ച് സഹോദരങ്ങൾ വിദേശത്ത് ജോലി ചെയ്യുന്നവരുണ്ട്. അവർ അയക്കുന്ന പണമാണ് പ്രധാന വരുമാനം. അവിടെ എന്തെങ്കിലും തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായാൽ നമ്മുടെ അവസ്ഥ എന്താകും. ? പ്രവചിക്കാൻ വയ്യ.! മറ്റൊന്ന് നാം വാങ്ങിക്കൂട്ടുന്ന കടങ്ങളാണ്. കടം വാങ്ങൽ സംസ്കാരം തന്നെ നമുക്കിപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു തോന്നുന്നു. അതിന്റെ ഫലങ്ങളും നാം കാണുന്നുണ്ടല്ലോ? കടം കൊണ്ട് നിൽക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ കുഞ്ഞുകുട്ടി പരാധീനങ്ങളോടൊത്ത് ആത്മഹത്യ ചെയ്യുന്നവരുടെ  എണ്ണം ദിനംപ്രതി കൂടുകയാണല്ലോ.! അങ്ങനെ ഒരൊന്നാം സ്ഥാനം കൂടി നാം നേടി.


## മഴവില്ല്

ഏറ്റവും കൂടുതൽ ആത്മഹത്യകൾ സംഭവിക്കുന്ന സംസ്ഥാനം.

ഇതിൽ നിന്നൊരു മോചനമാർഗം നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഉപദേശിച്ച തന്ന സ്വാശ്രയ ശീലം വളർത്തിയെടുക്കുക. നമുക്ക് വേണ്ടത് ഇവിടെ തന്നെ ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയണം. അന്യരെ ആശ്രയിച്ച ജീവിക്കുന്നത് അപമാനം മാത്രമല്ല ,ആപത്തു കൂടിയാണ് എന്ന് തിരിച്ചറിയണം. ശാരീരികാധ്വാനം മഹത്വമാർന്നതാണ് എന്ന ബോധ്യം വരണം. സമ്പന്നമായ പ്രകൃതിയാൽ അനുഗ്രഹീതമായ നമ്മുടെ നാട്ടിൽ അധ്വാനിച്ചാൽ നമ്മുക്ക് ആവശ്യമായത് തീർച്ചയായും ഉല്പാദിപ്പിക്കാൻ കഴിയും.

അതുപോലെ തന്നെ പ്രധാനമാണ് പുതുമയുടെ പിന്നാലെയുള്ള പരക്കം പാച്ചിൽ അവസാനിപ്പിക്കുക എന്നതും. ആർത്തി ഒരു രോഗമാണ്. തൃപ്തിയാണ് രോഗമില്ലാത്ത അവസ്ഥ. ആ മാനസികാവസ്ഥ വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ അത് നമ്മെ നാശത്തിലേക്കെത്തിക്കും. ഈ ഒരു തിരിച്ചറിവോടെ അധ്വാനിക്കാൻ തയ്യാറുള്ള ഒരു സമൂഹം വളർന്നു വന്നാൽ കേരളം വാങ്ങിത്തിന്നുന്നവരുടെ ഒരു നാടല്ലാതാകും.

പാർവ്വതി പി. ശ്രീനിവാസൻ
9.ബി



**NAHANA MEHRAN ,8A**

കഥ

# ദുരന്ത മഴ പെയ്ത ഗ്രാമം

*ഒരിടത്ത് പച്ചപ്പ് നിറഞ്ഞ ഒരു ഗ്രാമം ഉണ്ടായിരുന്നു.*
*അതിമനോഹരമായിരുന്നു ആ ഗ്രാമം.*
*പുഴകളും, അരുവികളും ഒക്കെയുള്ള*
*പച്ചപ്പ്നിറഞ്ഞ മനോഹരതീരമായിരുന്നു അവിടം.*
*ആ ഗ്രാമത്തിൽ ശിവൻ എന്ന് പറയുന്ന ഒരു ബാലൻ ഉണ്ടായിരുന്നു.*
*ആ ഗ്രാമത്തിന്റെ അഭിമാനം ആയിരുന്നു അവൻ. ആ ഗ്രാമത്തിലെ എല്ലാ കാര്യങ്ങൾക്കും അവൻ ഉണ്ടാകുമായിരുന്നു.*

*ഒരിക്കൽ ആ ഗ്രാമത്തിൽ ശക്തമായ മഴയും കാറ്റും ഉണ്ടായി.ഒരു തോരാമഴക്കാലമായിരുന്നു അത്. ആ ഗ്രാമത്തിൽ ഉള്ള കുട്ടികൾ സ്കൂളിൽ പോകുന്നത് തോണിയിലായിരുന്നു. ആ ദിവസം, എല്ലാവരും സ്കൂളിൽ പോകാൻ റെഡിയായി തോണിയിൽ കയറി. തോണി കടവിൽ നിന്നും മുന്നോട്ട് നീങ്ങി. പെട്ടന്നൊരു ചുഴലിക്കാറ്റ് ഉണ്ടായി തോണി മറിഞ്ഞു. ആ സമയം ശിവൻ ആ വഴി പോവുകയായിരുന്നു. അവൻ വേഗം ചെന്ന് ആ കുട്ടികളെ രക്ഷിക്കാൻ വേണ്ടി അവിടേക്ക് നീന്തി ചെന്നു. അവനും തുഴക്കാരനും ചേർന്ന് എല്ലാ കുട്ടികളെയും രക്ഷിച്ച് കരയിൽ എത്തിച്ചു. ആ സമയം ശിവന്റെ ആത്മധൈര്യം എല്ലാവരും തിരിച്ചറിഞ്ഞു. അവൻ എല്ലാവർക്കും ഒരു മാതൃകയായി. അങ്ങനെ ആ ഗ്രാമത്തിൻെറ ഒരു വീരനായി അവൻ വളർന്നു.*

**കഥ**

# മൂന്നു കള്ളന്മാർ



രാജസ്ഥാനിലെ ഒരു ഗ്രാമത്തിൽ മൂന്നു കള്ളന്മാർ ഉണ്ടായിരുന്നു. മോഷ്ടിച്ചും പറ്റിച്ചും അവർക്ക് ധാരാളം പണമുണ്ടായിരുന്നു. പക്ഷേ രാജ കിങ്കരരെ ഭയന്ന് സമാധാനത്തോടെ പുറത്തിറങ്ങാൻ വയ്യാത്ത അവസ്ഥയായിരുന്നു അവർ.അതുകൊണ്ട് അവർ മാന്യമായ മറ്റെന്തെങ്കിലും ജോലി ചെയ്ത് സ്വന്തമായി ജീവിക്കാൻ തീരുമാനിച്ചു. പക്ഷേ, നമ്മൾ എന്തു ജോലി ചെയ്യും? ഒന്നാമൻ ചോദിച്ചു. നമുക്ക് കുറച്ചു വയൽ വാങ്ങി ഗോതമ്പു കൃഷി ചെയ്യാം ,രണ്ടാമൻ അഭിപ്രായപ്പെട്ടു. എല്ലാവരും ഗോതമ്പു കൃഷിചെയ്യുമ്പോൾ നമ്മളും അത് ചെയ്താൽ വില ലഭിക്കില്ല. അതുകൊണ്ട് ഇവിടെ ആരും ചെയ്യാത്ത കൃഷി വേണം ചെയ്യാൻ, മൂന്നാമൻ പറഞ്ഞു. അവർ മൂന്നു പേരും തലപുകഞ്ഞ് ആലോചിച്ചു. അവസാനം ഒന്നാമന് ഒരു പുതിയ

ആശയം തോന്നി. നമുക്ക് ഉപ്പ് കൃഷി തുടങ്ങാം. അതിവിടെ ആരും കൃഷി ചെയ്യുന്നില്ല. മാത്രവുമല്ല കുടിൽ മുതൽ കൊട്ടാരം വരെ അത് ഉപയോഗിക്കുന്നുമുണ്ട് അതുകൊണ്ട് ആവശ്യക്കാരും കൂടുതലാണ്, കൂടുതൽ ലാഭവും കൊയ്യാം. എല്ലാവർക്കും സമ്മതമായി .അടുത്തദിവസം തന്നെ അവർ നല്ല വളക്കൂറുള്ള വയൽ വാങ്ങി. കള്ളന്മാർ എന്ത് കൃഷിയാണ് തുടങ്ങാനിരിക്കുന്നത് എന്ന് എല്ലാവർക്കും ആകാംക്ഷയുണ്ടായിരുന്നു. പക്ഷേ, രഹസ്യം പുറത്തുവിടാൻ പാടില്ലല്ലോ!അത് മാത്രവുമല്ല അവരെ ഭീഷണിപ്പെടുത്തി ഓടിപ്പിക്കുകയും ചെയ്തു. കള്ളന്മാർ വയൽ ഉഴുതുമറിച്ചു. അതിൽ ആ പ്രദേശത്തെ വിലകൂടിയ ഉപ്പു വാങ്ങി വിതറി അതിനു ശേഷം അവർ വൈകുന്നേരം വരെ കിളികളെ ഓടിച്ചും വെള്ളം തിരിച്ചുവിട്ടും വയലിന്റെ പരിസരത്തു തന്നെ ചിലവഴിച്ചു. രാത്രി അവർ വിളവെടുപ്പിന് ശേഷം ഉപ്പ് എങ്ങനെ ലാഭകരമായി വില്ക്കാം എന്ന് ചർച്ച ചെയ്തു സ്വപ്നം കണ്ടു കഴിച്ചു കൂട്ടി. പക്ഷെ അവരുടെ വയലിൽ വിളവിന്റെ ഒരു ലക്ഷണവും കിട്ടാതെ കറുത്തു കിടന്നതേയുള്ളൂ. അതിലവർക്ക് നേരിയ വിഷമം തോന്നാതിരുന്നില്ല. ഒരുമാസം കഴിഞ്ഞു. ഗ്രാമം ശൈത്യകാലത്തിന്റെ പിടിയിലായി .ഒരു ദിവസം രാവിലെ കള്ളന്മാർ കണ്ടത് തങ്ങളുടെ പാടം മുഴുവൻ വെളുത്ത വസ്തുകൊണ്ട് ആവരണം ചെയ്യപ്പെട്ട് കിടക്കുന്നതാണ്. അവരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അവർ അന്യോന്യം അഭിനന്ദിച്ചു കൊണ്ട് തമ്മിൽ കെട്ടിപ്പിടിച്ചു. ഒടുവിൽ ഉപ്പു വിളഞ്ഞിരിക്കുന്നു! ഭക്ഷണം കഴിക്കാൻ വീട്ടിൽ പോയി മടങ്ങി വന്ന കള്ളന്മാർ കണ്ട കാഴ്ച ഞെട്ടിപ്പിക്കുന്നതായിരുന്നു. വയലിലുണ്ടായിരുന്ന വെളുത്ത നിറം കാണാനില്ല. ഒരു പക്ഷെ

## മഴവില്ല്

ഉപ്പു വിളയുന്നത് ഇങ്ങനെയായിരിക്കാം. അവർ പരസ്പരം പറഞ്ഞു. അവരെ ദൂരെ നിന്നും നിരീക്ഷിച്ചിരുന്ന മറ്റു ഗ്രാമവാസികൾ ചിരിച്ചതേയുള്ളു. കള്ളന്മാർ കണ്ടത് ഉപ്പു വിളഞ്ഞതല്ലെന്നും ശൈത്യകാലത്ത് രാവിലെ മഞ്ഞ് വീണു കിടന്നതാണെന്നും കള്ളന്മാരോട് പറയാൻ നാട്ടുകാർ ധൈര്യപ്പെട്ടില്ല. എങ്കിലും കൂട്ടത്തിലെ മുതിർന്ന ഒരു കാരണവർ കള്ളന്മാരെ അടുത്ത് വിളിച്ച് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. ആരും ചെയ്യാത്ത കൃഷി ചെയ്യാൻ നോക്കാതെ എല്ലാവരും ചെയ്യുന്ന കൃഷി കൂടുതൽ നന്നായി ചെയ്ത് കൂടുതൽ ലാഭം നേടാൻ ഉപദേശിച്ചു. മൂപ്പന്റെ ഉപദേശം കേട്ട കള്ളന്മാർ കൂടുതൽ ആവേശത്തോടെ പാടത്ത് പണിയെടുത്ത് ഗോതമ്പ് കൃഷിയിറക്കി ,മറ്റാരും നേടാത്തത്ര വിളവും നേടി.

**ക്രിസ്റ്റീന എ.എം**
***6.എ***

# നാടൻ പാട്ട്

കൊച്ച പെണ്ണേ........... കൊച്ച പെണ്ണേ..................
നമ്മുടെ ഞാറെല്ലാം പൂത്തുവിളഞ്ഞെടി പെണ്ണേ...........
നമ്മുടെ ഞാറെല്ലാം പൂത്തുവിളഞ്ഞെടി പെണ്ണേ...........

ഇന്നെടി പെണ്ണേ നമ്മുടെ കാവിൽ ഉത്സവം
നീയും വരുന്നോടി പെണ്ണേ.............
ചാന്തും പൊട്ടും വളയും വേണ്ടേടീ പെണ്ണേ...............

കൊച്ച പെണ്ണേ........... കൊച്ച പെണ്ണേ..................
നമ്മുടെ ഞാറെല്ലാം പൂത്തുവിളഞ്ഞെടി പെണ്ണേ...........
നമ്മുടെ ഞാറെല്ലാം പൂത്തുവിളഞ്ഞെടി പെണ്ണേ...........



**ദിയ ലക്ഷ്മി**
5A


Sanjay. V.

# ഫോറസ്ട്രി ക്ലബ്

## ജി.വി.എച്ച്.എസ്.എസ് അമ്പലവയൽ

ഈ ലോകം മനുഷ്യർക്കു മാത്രമല്ല ,മറ്റെല്ലാ ജന്തുക്കൾക്കും, സസ്യങ്ങൾക്കും കൂടിയുള്ളതാണ്. ഇന്നത്തെ കാലത്ത് വനങ്ങൾക്കും വന്യമൃഗങ്ങൾക്കും നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകത്ത് എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മനുഷ്യരും പരസ്പരം ആശ്രയിച്ചു ജീവിക്കുന്നവരാണ്. പല വന്യമൃഗങ്ങൾക്കും നാശം സംഭവിച്ചു കൊണ്ടിരിക്കുന്നു. മാത്രമല്ല വനം ഈ ലോകത്തിന് നൽകുന്ന സംഭാവന മികച്ചതാണെന്ന സത്യം മനുഷ്യൻ മനസ്സിലാക്കുന്നില്ല. മനുഷ്യൻ വനനശീകരണത്തിന് നല്ല പങ്ക് വഹിക്കുന്നു. പാരിസ്ഥിതികപ്രശ്നങ്ങൾ നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡിന്റെ അതി പ്രസരം, അശാസ്ത്രീയമായ മാലിന്യസംസ്കരണം എന്നീ കാര്യങ്ങൾ ഈ ലോകത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇന്ന് കേരളത്തിലും മറ്റു ഭാരതസംസ്ഥാനങ്ങളിലും സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ ഫോറസ്ട്രി  ക്ലബ്ബ് രൂപം കൊള്ളുകയും, ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു ക്ലബ്ബ്  ജി.വി.എച്ച്.എസ്.എസ് അമ്പലവയലിൽ നല്ല പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നു. പരിസരശുചീകരണം, ചെടികൾ നട്ടുപിടിപ്പിക്കൽ, വനം-വന്യജീവിബോധവൽക്കരണം എന്നീ കാര്യങ്ങൾക്കു- പുറമെ മറ്റു സാമൂഹ്യ പ്രവർത്തനങ്ങളും അജണ്ടകളായി ക്ലബ്ബ് അംഗങ്ങളായ കുട്ടികളും അധ്യാപകപ്രതിനിധികൾ ഉൾപ്പെടുന്ന അംഗങ്ങളും ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.



# മഴവില്ല്




**ക്ലബ്ബിൻെറ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം സോഷ്യൽ ഫോറസ്ട്രി വാഗ്ദാനം ചെയ്തിരിക്കുന്നു.ഈ ക്ലബ്ബിൻെറ പ്രവർത്തനഫലമായി അമ്പലവയലിൽ നാളേയ്ക്ക് വനവും വന്യജീവികളും ആവശ്യമാണെന്ന സത്യം മനസ്സിലാക്കിക്കഴിഞ്ഞു. ജൂൺ,ജൂലായ്,ആഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിൽ ഈ ക്ലബ്ബ് അംഗങ്ങൾ നല്ല പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു.**

**ജയപ്രകാശ് മാസ്റ്റർ**

**കൺവീനർ**

**കഥ**

# പക്ഷികളും മനുഷ്യരും




ഒരു കാട്ടിൽ പണ്ട് നിറയെ ഞാവൽ മരങ്ങൾ ഉണ്ടായിരുന്നു. മരത്തിൽ കുറെ പക്ഷികൾ താമസിച്ചിരുന്നു. അവർ വളരെ സന്തോഷത്തോടെ ജീവിക്കുകയായിരുന്നു. അവരുടെ കാട്ടിൽ ഏറ്റവും വലിയ ഞാവൽ മരത്തിൽ ഒരു മൂങ്ങ ജീവിച്ചിരുന്നു. മനുഷ്യർ ഈ കാട് വെട്ടാൻ തുടങ്ങി. പക്ഷികൾ ഒരു മീറ്റിംങ് വിളിച്ചു കൂട്ടി , മനുഷ്യരെ നമ്മുടെ ഈ കാട് മുഴുവൻ മുറിക്കാൻ സമ്മതിക്കരുത്. ഒരു പരുന്ത് ചോദിച്ചു അത് നമ്മൾ എങ്ങനെ ചെയ്യും? അതിന് ഒരു വഴിയുണ്ട്. എന്താണ് ആ വഴി ?നമുക്ക് അവർ ഇങ്ങോട്ട് വരാതിരിക്കാൻ ചപ്പു ചവറുകൾ കൊണ്ട് ഇടാം. പരുന്ത് പറഞ്ഞു നമുക്ക് ഇപ്പോൾ തന്നെ ചെയ്യാം, ശരി എല്ലാവരും വാ. അങ്ങനെ അവർ ചപ്പുചവറുകൾ കൊണ്ട് ഇട്ടു. അവരുടെ ധാരണ ചപ്പു ചവറുകൾ കൊണ്ട് ഇട്ടാൽ മനുഷ്യർ വരില്ലെന്നായിരുന്നു. മനുഷ്യർക്ക് അതൊരു പ്രശ്നമായിരുന്നില്ല. അവർ അതെല്ലാം കത്തിച്ചുകളഞ്ഞു. പക്ഷികൾ മരത്തിൽ നിന്ന് നോക്കി നിന്നു. പല പക്ഷികളുടെയും കുട്ടികൾക്ക് പറക്കാൻ അറിയില്ലായിരുന്നു. അങ്ങനെ ഇവർ തീറ്റ തേടി പോയ

# മഴവില്ല്

സമയം നോക്കി മനുഷ്യർ മരം മുറിച്ചു. മരത്തിൽ ചില പക്ഷികളും പക്ഷിക്കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. അവരുടെ ശബ്ദം കേട്ട് പരുന്തമ്മാവൻ സ്പീടിൽ പറന്നു വന്നു. ഒരു മരം മുറിച്ചപ്പോഴായിരുന്നു ആ ശബ്ദം.അപ്പോൾ ,പക്ഷികൾ മനുഷ്യരുടെ തലയിൽ വന്ന് കൊത്തി. അവർ ഓടി പോയി. പിന്നെ അവരുടെ കാട്ടിൽ മനുഷ്യർ വന്നിട്ടില്ല.

**നജ ഫാത്തിമ**

**Std:8**

കഥ

# പുലരിയിൽ

പുലരിയിൽ സൂര്യൻ ഉണർന്നു. ജനാലയിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണ് പാറൂട്ടി ഉണർന്നത്. ജനൽ തുറന്നു നോക്കിയപ്പോൾ അവളെ നോക്കി പുഞ്ചിരിയോടെ ഒരു പയർച്ചെടി തലയുയർത്തി നില്ക്കുന്നു. മുല്ലപ്പൂവിന്റെ മണം ,ഒരു മൂളിപ്പാട്ടു പോലെ അവളുടെ മൂക്കിൻതുമ്പിലെത്തി.



"പാറൂട്ടീ നീ എഴുന്നേറ്റോ....." "ആ അമ്മേ..." "എങ്കിൽ ഇങ്ങ് വാ..." അവൾ കണ്ട ആ കാഴ്ച ഒരു സ്വപ്നമാണെന്ന് അവൾക്ക് തോന്നി. മുറ്റം നിറയെ പൂത്തുനിൽക്കുന്ന കൊന്നപ്പൂക്കൾ. തേനുണ്ണാൻ വരുന്ന ഒരുപാട് പക്ഷികളും, പൂമ്പാറ്റകളും തേൻ ശേഖരിക്കാൻ വന്ന തേനീച്ചകളേയും അവൾ കണ്ടു. "പാറൂ ഇങ്ങ് വാ..." അമ്മേ നോക്ക് കുറേ പൂമ്പാറ്റയും പക്ഷികളും നമ്മുടെ മുറ്റത്ത് പാറിക്കളിക്കുന്നു. പൂന്തോട്ടത്തിന്റെ അരികലേക്ക് അവൾ

## മഴവില്ല്

പതുക്കെ ചെന്നു. അവളെ കണ്ട പേടിച്ചുപോയ പൂമ്പാറ്റകളും, പക്ഷികളും പറന്നു പോയി. ഇന്നെന്റെ പിറന്നാളായിട്ടും ഞാൻ ഒരുപാട് പൂമ്പാറ്റകളെയും, പക്ഷികളെയും വേദനിപ്പിച്ചു. മോളേ വാ ചായകുടിക്കാം. അവൾ അകത്തേക്ക് നടക്കുമ്പോഴാണ് രാവിലെ വിളിച്ചുണർത്തിയ പയർച്ചെടി അവളുടെ കണ്ണിൽ തടഞ്ഞത്. വിഷമത്തോടെയാണെങ്കിലും ആ പയർച്ചെടി അവൾക്ക് പിറന്നാൾ ആശംസകൾ നേർന്നു.

**ഐറിൻ ജോബി & അനന്യ**

# കേരളത്തിലെ പ്രളയക്കെടുതി

കേരളം ശക്തമായ പ്രളയക്കെടുതിയിൽ വിറങ്ങലിച്ച പോയി . നിരവധി നാശ നഷ്ടങ്ങൾ.... കുറേ വർഷങ്ങൾക്ക് ശേഷം ഈ കേരളത്തിൽ നിരവധി ഡാമുകളുടെ ഷട്ടറുകൾ തുറന്നു . ഉരുൾ പൊട്ടലിൽ ജീവിതം താറുമാറായി.

ഈ കേരളത്തിൽ ഉരുൾ പൊട്ടൽ മാത്രമല്ല നടന്നത് വീടുകൾ തകർന്നു, മണ്ണിടിച്ചിൽ ,ഇങ്ങനെ നിരവധി കാര്യങ്ങൾക്ക് കേരള ജനത സാക്ഷിയായി.

കേരളത്തിൽ പ്രളയക്കെടുതിക്ക് മുമ്പ് 1924 ജൂലൈ- ഓഗസ്റ്റ് മാസങ്ങളിൽ ഭീകരമായൊരു വെള്ളപ്പൊക്കമുണ്ടായി .20-ാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്നു അത്.

ഉരുൾ പൊട്ടൽ എന്നാൽ കഠിനമായ മഴയിൽ ഭൂമിയിൽ സംഭരിക്കപ്പെടുന്ന ജലം അതിമർദ്ദത്താൽ പുറന്തള്ളപ്പെടുന്ന പ്രതിഭാസമാണ്. ഉരുൾപൊട്ടൽ കേഴിക്കോട് കട്ടിപ്പാറ പ്രദേശത്തായിരുന്നു കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്.

കൃഷിയിൽ  നാശം സംഭവിച്ചർക്ക് ഏറെ പ്രതിസന്ധിയും തീരാകണ്ണീരുമായിരുന്നു ഈ വർഷത്തെ വെള്ളപ്പൊക്കം. കൃഷികളും വീടുകളും തകർന്നവർക്ക് ഒറ്റ ലക്ഷ്യമാണുള്ളത് അത് എന്താണ് എന്ന് നമുക്കറിയാം. നഷ്ടപ്പെട്ടതെല്ലാം തിരച്ച് പിടിക്കുക പ്രതിസന്ധികളെ തരണം ചെയ്യുക. പ്രതീക്ഷകളാണ് ഇപ്പോൾ അവർക്ക് കൂട്ടായിട്ടുള്ളത് നമുക്ക് എല്ലാവർക്കും ഒന്നിച്ച നിൽക്കാം പ്രതീക്ഷകളെ പൂവണിയിക്കാൻ......

**ഷഹന ഫാത്തിമ പി.എ**

SAVE FUEL

FOR BETTER ENVIRONMENT




Bhagyalakshmi V

Std:5


# ഊർജ സംരക്ഷണ ക്ലബ്

കുട്ടികളിൽ ഊർജ്ജ സംരക്ഷണം എന്ന ബോധവേൽകരണം എന്ന ലക്ഷ്യത്തോടെയാണ് ഊർജ്ജ സംരക്ഷണ ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചത്. നമ്മുടെ വിദ്യാലയത്തിൽ 75 വിദ്യാർത്ഥി അംഗങ്ങൾ യു.പി യിൽ നിന്നും 50 അംഗങ്ങൾ എച്ച്.എസി ൽ നിന്നും ക്ലബ്ബ് അംഗങ്ങളായി തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത എല്ലാ അംഗങ്ങൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു. യു.പി വിഭാഗം വിദ്യാർത്ഥികളെ ശ്രീ. ജയപ്രകാശ് മാസ്റ്ററും എച്ച്.എസ് വിഭാഗം വിദ്യാർത്ഥികളെ ശ്രീ.സുനിൽ ജേക്കബ്ബ് മാസ്റ്ററും നേതൃത്വം നൽകുന്നു. ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു കൊണ്ടിരിക്കുന്നു. ഇന്ന് കേരളത്തിൽ വൈദ്യുത ഉത്പാദനം ജലത്തിൽ നിന്നുള്ളതിനേക്കാൾ മറ്റു താപനിലയങ്ങളിൽ നിന്നാണെന്ന ബോധവത്കരണം സന്ദേശം കുട്ടികളിൽ എത്തിക്കുന്നു. വൈദ്യുതിയുടെ അമിത ഉപയോഗനിയന്ത്രണം L.E.D ഉത്പന്നങ്ങളുടെ പ്രാധാന്യം എന്നിവ മറ്റു ബോധവത്കരണ സന്ദേശമാണ്. ജൂൺ, ജൂലൈ. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, മാസങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും അവ മേലധികാരികൾക്ക് അയച്ച് മത്സര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു. പരിസര ശുചീകരണം മറ്റു ബോധവത്കരണം എന്നീ കാര്യങ്ങൾ ക്ലബ്ബ് അംഗങ്ങളായ കുട്ടികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നു.

**സുനിൽ ജേക്കബ്ബ് മാസ്റ്റർ & ജയപ്രകാശ് മാസ്റ്റർ**



***അൽഫിദ,8B***



# മഴവില്ല്



**നാജിയ ഇ.എ.,6B**

# ജി വി എച്ച് എസ് എസ് അമ്പലവയലിൽ യോഗക്ലാസ്സ് ആരംഭിച്ചു

ജി.വി.എച്ച്.എസ്.എസ് അമ്പലവയലിൽ പ്രിയ എന്ന യോഗ അധ്യാപികയുടെ കീഴിൽ യോഗ പരിശീലനം ആരംഭിച്ചു.





തുടക്കത്തിൽ 44 കുട്ടികളുണ്ടായിരുന്നു.എന്നാൽ ഇന്ന് 100 ഓളം കുട്ടികൾ പരിശീലനത്തിന് എത്തിക്കഴിഞ്ഞു. വിവിധ രീതിയിലുള്ള പരിശീലനം കുട്ടികളുടെ എകാഗ്രത,പഠിക്കാനുള്ള താൽപ്പര്യം, മറ്റു ശാരീരിക അസുഖങ്ങളിൽ നിന്നുള്ള മോചനംഎന്നീ മെച്ചങ്ങൾ നമ്മുടെ കുട്ടികൾക്ക് നേടാൻ കഴിയും. നമ്മുടെ രാജ്യത്ത് ഇന്ത്യൻ പ്രസിഡൻറ് മുതൽ പ്രധാനമന്ത്രി, മറ്റു മന്ത്രിമാർ  യോഗയുടെ മെച്ചം ജനങ്ങളിൽ എത്തിച്ചുക്കഴിഞ്ഞു. യോഗ എന്നാൽ യോഗാസനം,മറ്റു ആസനങ്ങൾ എന്നിവ ഈ പരിശീലനത്തിൽ ഉൾപ്പെടുന്നു. മാത്രമല്ല ആൺക്കുട്ടികൾക്കും പെൺക്കുട്ടികൾക്കും ഒരേ പോലെ പരിശീലനം സാധ്യമാകുന്നു. നമ്മുടെ വിദ്യാലയത്തിൽ ശ്രീ. ജയപ്രകാശ് മാസ്റ്റർ ഈ പരിശീലനത്തിന്  നേതൃത്വം നൽകുന്നു.

# മികവുകൾ

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൻെറ "ഹരിതവിദ്യാലയം പുരസ്കാരം-2018” ൽ രണ്ടാം സ്ഥാനവും ട്രോഫിയും 50000 രൂപയുടെ ക്യാഷ് അവാർഡും ജി.വി.എച്ച്.എസ്.എസ്.അമ്പലവയൽ കരസ്ഥമാക്കി.







**2018-19 വർഷത്തിൽ രാജ്യപുരസ്കാർ നേടിയ സ്കൗട്ട്- ഗൈഡ് വിദ്യാർഥികൾ**



**സംസ്ഥാനപ്രവർത്തിപരിചയമേളയിൽ വേസ്റ്റ് മെറ്റീരിയൽ പ്രൊഡക്ട്സ് ഇനത്തിൽ എ ഗ്രേഡ് നേടിയ സ്വാതി സുധീർ-10F**

# ഞങ്ങളുടെ പ്രിയ വിദ്യാലയം



# നന്ദി

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മറ്റു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നേതൃത്വം നൽകിയ സബിത ടീച്ചർക്കും രഘുസാറിനും ഒരായിരംനന്ദി.................

എഡിറ്റർ